ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1964 ജനുവരി 31–ാംനു- വരെ 22,150 ക. പൊലവാക്കീട്ടുണ്ട്. ഇത്ു് ആകെ നീക്കിവെച്ചിട്ടുള്ള സംഖ്യയുടെ 55·3 ശതമാനം ആണു്.

(ബി) സ്കീമുകളും താഴെ പറയുന്നവയാകുന്നു.

1.	പള്ളിക്കുറുപ്പു് അംശം—പെരിന്തൽമണ്ണ താലൂക്കു്	110 ഏക്കർ
2.	തുക്കല്ലൂർഅംശം—പെരിന്തൽമണ്ണ താലൂക്കു്	166 ,,
3.	കാരക്കുറിശ്ശിഅംശം—പെരിന്തൽമണ്ണതാലൂക്കു്	1419 ,,
4.	കരിമ്പഅംശം—പെരിന്തൽമണ്ണതാലൂ്	1054 ,,

കരിമ്പ അംശത്തിലെ സ്കീമൊഴികെയുള്ളവയെല്ലാം പുരോഗമിച്ചുവരികയാണു്. കരിമ്പ സ്കീംപ്രദേശത്തെ വസ്തു ഉടമസ്ഥന്മാർ സഹകരിക്കാത്തതിനാൽ പണി തുടർന്നു നടത്തുവാൻ സാധിക്കാതെ വന്നിട്ടുണ്ടു്.

വാട്ടർസപ്ലൈസ്കീം.

* 751. [28] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർസപ്ലൈസ്കീം ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും എസ്റ്റിമേറു തയാറാക്കുകയും ചെയ്തശേഷം പണമില്ലെന്നകാരണം പറഞ്ഞു് പ്രവർത്തനം ആരംഭിക്കാത്ത താലൂക്കു് ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ഏതെല്ലാം ;

(ബി) കഠിനമായ ജലക്ഷാമമുള്ള ആലത്തൂർപ്രദേശത്തു് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി എസ്റ്റിമേറു് തയാറാക്കീകഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരിക്കുൻ കാരണമെന്തു് ;

(സി) ഈ സാമ്പത്തികവർഷത്തിൽ സ്കീം പ്രവർത്തനമാരംഭിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറു് തയാറാക്കിയെങ്കിലും പണമില്ലാത്തതിനാൽ പ്രവർത്തനം തുടങ്ങാത്ത താലൂക്കു് ഹെഡ്ക്വാർട്ടേഴ്സു പഞ്ചായത്തു് ആലത്തൂർ മാത്രമാണു്.

(ബി) ആവശ്യമുള്ള പണം ഇല്ലാതിരുന്നതിനാൽ ഈ സ്കീം ആരംഭിക്കാൻ സാധിച്ചില്ല.

(സി) 5-12-1963–ൽ കൂടിയ സംസ്ഥാന വാട്ടർസപ്ലൈബോർഡു് യോഗം ആലത്തൂരിൽ ഒരു വില്ലേജു് വാട്ടർസപ്ലൈ സ്കീമിനു അംഗീകാരം നൽകി. ഈ സ്കീമിന്റെ പണി ഈ സാമ്പത്തികവർഷത്തിൽതന്നെ ആരംഭിക്കും.

(ഡി) 'സി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly